# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 106 — 26.02.2018 ൽ മറുപടിക്കുണ്ടായിരുന്നത്

**കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നുവെന്ന പ്രചരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന സംഘങ്ങൾ സജീവമാണെന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് ചില സാമൂഹ്യ മാധ്യമങ്ങളിൽ വ്യാജമായ വാർത്തകൾ പ്രചരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം വാർത്തകളെ തുടർന്ന് പൊതു ജനങ്ങൾക്കുണ്ടായ ആശങ്കകൾ ദൂരീകരിക്കാൻ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (ബി) | ഇതിനെ തുടർന്ന് സാമൂഹ്യ മാധ്യമങ്ങൾ കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളുടെ ഭീതി അകറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലമായി കാണാതായ കുട്ടികളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രചരണങ്ങളിലൂടെ കുട്ടികളിൽ സൃഷ്ടിക്കപ്പെട്ട ഭീതി അകറ്റുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ഡി) | ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരെ ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസിന്റെയും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും സഹായത്തോടെ സ്കൂളുകളും മറ്റും കേന്ദ്രീകരിച്ച് കുട്ടികളുടെ ഭീതി അകറ്റുന്നതിനു വേണ്ടി ബോധവത്ക്കരണം നടത്തിവരുന്നു. |
| (ഇ) | അവാസ്തവമായ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ കൈക്കൊണ്ട നടപടി വിശദമാക്കുമോ? | (ഇ) | അവാസ്തവമായ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ പോലീസ് സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്ക്കരണം നടത്തുകയും, സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| PERIOD | TOTAL No. OF CHILD MISSING CASES | No. OF MISSING CHILDREN | | TRACED | | UNTRACED | |
|---|---|---|---|---|---|---|---|
| | | Male | Female | Male | Female | Male | Female |
| 2013 | 997 | 524 | 691 | 515 | 687 | 9 | 4 |
| 2014 | 958 | 526 | 709 | 517 | 699 | 9 | 10 |
| 2015 | 1226 | 826 | 816 | 811 | 811 | 15 | 5 |
| 2016 | 1227 | 832 | 749 | 821 | 743 | 11 | 6 |
| 2017 | 1338 | 917 | 854 | 895 | 834 | 22 | 20 |
| TOTAL | 5746 | 3625 | 3819 | 3559 | 3774 | 66 | 45 |

സെക്ഷൻ ഓഫീസർ